വോളീബോൾ, ബാഡ്മിന്റൺ എന്നീ കളികൾക്ക് ഇപ്പോൾ പ്രോത്സാഹനം നൽകുന്നില്ല.

(ഇ) കായിക പരിശീലനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ സ്കൂളുകളിൽ 5 മുതൽ 8 വരെ ക്ലാസ്സുകളിൽ ആഴ്ചയിൽ രണ്ട് പീരിയഡും 9,10, ക്ലാസ്സുകളിൽ ആഴ്ചയിൽ ഒരു പീരിയഡും ഇപ്പോൾത്തന്നെ നിലവിലുണ്ട്.

20 (*524) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജപ്തി നടപടികൾ നേരിടുന്ന സംഘങ്ങളെ പീഡിത സംഘങ്ങളുടെ പട്ടികയിൽപ്പെടുത്തി കടങ്ങൾ എഴുതിത്തള്ളുവാനും പുനർവായ്പ നല്കുവാനും നടപടി സ്വീകരിക്കുമോ;

(സി) സംഘങ്ങൾക്ക് നൽകിവരുന്ന പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുമോ;

(ഡി) പ്രവർത്തനരഹിതമായ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനായി ഗ്രാന്റ് നല്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഗവൺമെന്റിൽനിന്നും പട്ടികസമുദായക്കാർക്കുള്ള എല്ലാ സഹായങ്ങളും പട്ടികജാതി-വർഗ്ഗ സംഘങ്ങൾ മുഖേന നല്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ജനകീയാസൂത്രണ പദ്ധതിയിൽ എസ്.സി/എസ്.ടി. സംഘങ്ങളെ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

പിന്നോക്കപട്ടിക . സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

(എ) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുത്തെ ഇൻസ്റ്റിട്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(സി)&(ഡി) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ സംബന്ധിച്ച പഠനറിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) എല്ലാ സഹായങ്ങളും സംഘങ്ങൾവഴി നൽകുക എന്നത് പ്രായോഗികമല്ല.

(എഫ്)ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly